**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1184** **10-10-2024 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന കരാറുകാരെ നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന കരാറുകാരെ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ഉൾക്കൊള്ളിച്ച് പൊതുമരാമത്ത് മാന്വൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് മാന്വൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മാന്വലിൽ ഉൾപ്പെടുത്തിയിട്ടുള്ള കോൺട്രാക്ട് മാനേജ്മെന്റ് സെക്ഷനിൽ (Section No. 2100) ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിക്കുന്നതോടെ സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ചുമതലയിൽ നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ കരാറുകാരെ കൂടുതൽ കാര്യക്ഷമതയുള്ളവരാക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ; | (ബി) | മാന്വൽ പരിഷ്കരണത്തിൽ കോൺട്രാക്ട് മാനേജ്മെന്റ്, വർക്ക് മെത്തഡോളജി എന്നീ ഭാഗങ്ങളിൽ കരാറുകാരെ കൂടുതൽ കാര്യക്ഷമമാക്കുവാൻ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | റിസ്ക് ആന്റ് കോസ്റ്റ് ടെർമിനേഷൻ വ്യവസ്ഥകൾ കർശനമാക്കുന്നതോടെ കരാറുകാരുടെ മെല്ലെപ്പോക്ക് നിയന്ത്രിക്കുന്നതിന് കഴിയുമോ; വ്യക്തമാക്കുമോ; | (സി) | സമയബന്ധിതമായി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു വ്യവസ്ഥകൾ മാന്വലിൽ ഉൾക്കൊള്ളിക്കുന്നതാണ്. |
| (ഡി) | നിർമ്മാണ പ്രവർത്തനങ്ങളിൽ മെല്ലെപ്പോക്ക് നടത്തുന്ന കരാറുകാരെ സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നു വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിശോധിച്ച് ഉചിത നടപടികൾ നിലവിൽ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ